# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3801 — 23/08/2017-ൽ മറുപടിക്ക്

## ഡാമുകളിലെ ജലദൗർലഭ്യം

| | ചോദ്യം<br>**ശ്രീ.പി.കെ. ശശി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാലവർഷക്കുറവും ഡാമുകളിലെ ജലദൗർലഭ്യവും നടപ്പുവർഷത്തെ വൈദ്യുതി ഉത്പാദനത്തെ ഏതു രീതിയിൽ ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. മഴ കുറഞ്ഞതിനാൽ ജലാശയത്തിലേക്കുള്ള നീരൊഴുക്കിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 2017 ജൂൺ-ജൂലൈ മാസങ്ങളിൽ ലഭിക്കേണ്ടിയിരുന്ന നീരൊഴുക്കിന്റെ (10 വർഷ ശരാശരി) 48.19% മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഏകദേശം 1200 ദശലക്ഷം യൂണിറ്റിന്റെ കുറവ് വന്നിട്ടുണ്ട്. ആഗസ്റ്റ് മാസം ഇതുവരെയുള്ള നീരൊഴുക്കും ആശാവഹമല്ല. ഇപ്രകാരമുണ്ടായിട്ടുള്ള കുറവ് പരിഗണിച്ച് കൂടുതൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇപ്രകാരം പവർ എക്സ്ചേഞ്ച് മുഖാന്തിരം വൈദ്യുതി വാങ്ങുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഡാമുകളിൽ എത്ര ദിവസത്തേക്കുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ ജലം ശേഷിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 16.08.2017 ലെ കണക്കനുസരിച്ച് 1392 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള വെള്ളം ഉണ്ട്. ലഭ്യമായ സംഭരണവും ഇനി വരാൻ സാധ്യതയുള്ള നീരൊഴുക്കും കണക്കിലെടുത്ത് ഈ ജലവർഷം (ജൂൺ മുതൽ മെയ് വരെ) ഉല്പാദനം നടത്തത്തക്കവിധമാണ് ശരാശരി ദൈനംദിന ഉല്പാദനം ക്രമീകരിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായി വരുന്ന ശരാശരി വൈദ്യുതി എത്ര യൂണിറ്റെന്നും, ആയതിൽ എത്ര യൂണിറ്റ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുവെന്നും ശേഷിക്കുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് സംഭരിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (സി) | 2017 ആഗസ്റ്റിലെ കണക്കനുസരിച്ച് (15 തീയതി വരെയുള്ള കണക്ക് പ്രകാരം) പ്രതിദിനം ശരാശരി 64.8244 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ആവശ്യകതയുണ്ട്. ഇതിൽ 17.5432 ദശലക്ഷം യൂണിറ്റ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നു. ശേഷിക്കുന്നത് സംസ്ഥാനത്തു പുറമെ നിന്നു കൊണ്ടുവരുന്നു. ഇതിൽ |

(...2)

| | | | | |
|---|---|---|---|---|
| | | | കേന്ദ്ര വിഹിതം | 23.8303 ദശലക്ഷം യൂണിറ്റ് |
| | | | ദീർഘ/മധ്യകാല കരാറുകൾ വഴി | 19.5804 ദശലക്ഷം യൂണിറ്റ് |
| | | | ഉപഭോക്താക്കൾ പുറമെ നിന്ന് വാങ്ങുന്നത് | 0.7536 ദശലക്ഷം യൂണിറ്റ് |
| | | | അധിക വൈദ്യുതി പ്രകാരം (UI&URS) | 3.1171 ദശലക്ഷം യൂണിറ്റ് |
| (ഡി) | സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ നിന്നും എത്ര ദിവസത്തെ വൈദ്യുതി (എത്ര യൂണിറ്റ്) ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കാലവർഷക്കുറവുമൂലമുണ്ടായ നിലവിലെ അവസ്ഥ തരണം ചെയ്യാനും പവർകട്ട് ഒഴിവാക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | (ഡി) | നിലവിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ നിന്നും (ചെറുകിട പദ്ധതികൾ കൂടാതെ) 16.08.2017 ലെ കണക്ക് പ്രകാരം 1392 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാവശ്യമായ വെള്ളം ജലസംഭരണികളിൽ ഉണ്ട്. നീരൊഴുക്കിൽ ഏകദേശം 1200 ദശലക്ഷം യൂണിറ്റിന്റെ കുറവ് ജൂൺ-ജൂലൈ മാസങ്ങളിൽ ഉണ്ടായിട്ടുണ്ട്. നിലവിലുള്ള ജലം പരമാവധി സംഭരിക്കാനായി പവർ എക്സ്ചേഞ്ചിൽ നിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന സമയങ്ങളിൽ വൈദ്യുതി വാങ്ങുകയും മറ്റു സംസ്ഥാനങ്ങൾ കേന്ദ്ര നിലയങ്ങളിൽ നിന്നും വേണ്ടെന്നുവെയ്ക്കുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമായ സമയങ്ങളിലെടുത്തും ജലവൈദ്യുതി വേനൽമാസങ്ങൾ വരെ ഉല്പാദനം നടത്തത്തക്കവിധം ക്രമീകരിച്ചിരിക്കുന്നു. കൂ ടാതെ പുറമെനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ എടുത്തും പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ